# വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്.പി.ഒ-673122
Email:ddpwayanad@gmail.com
ഫോൺ:04936-202634, 202663

## റീ-ക്വട്ടേഷൻ നോട്ടീസ്

വയനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2018-19 സാമ്പത്തിക വർഷത്തിൽ (31/3/2019) വരെയോ പുതിയ വാഹനം ലഭിക്കുന്നതുവരേയൊ എ.സി എസ്.യു.വി/സെഡാൻ/കാർ/ജീപ്പ് പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള സീൽ വെച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## പൊതുവായ മാനദണ്ഡങ്ങൾ

1. പ്രതിമാസം 2000 കിലോമീറ്റർ വരെ സഞ്ചരിക്കുന്നതിനുള്ള വാടക നിരക്കാണ് സമർപ്പിക്കേണ്ടത്. അധികരിച്ച് വരുന്ന കിലോമീറ്റർ കണക്കാക്കുന്നത് 3 മാസക്കാലത്തേക്ക് ഓടുന്നതിൽ 6000 കിലോമീറ്റർ അധികരിക്കുന്നത് കണക്കാക്കിയാണ്. ആയതിന് 2000 കിലോമീറ്റർ കഴിയുന്ന ഓരോ കിലോമീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.
2. ക്വട്ടേഷനോടൊപ്പം ഒരു പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും, ക്വട്ടേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച ആളുടെ സ്വന്തം ചെലവിൽ വ്യവസ്ഥകൾ കാണിച്ച് 7 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ മറ്റൊരു എഗ്രിമെന്റും സമർപ്പിക്കേണ്ടതാണ്.
3. ഓർഡർ ലഭിച്ചു കഴിഞ്ഞ് എഗ്രിമെന്റ് സമർപ്പിക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ സ്വമേധയാ അസാധുവാകുകയും, 7 ദിവസത്തിനകം മതിയായ കാര്യകാരണങ്ങൾ സഹിതം എഗ്രിമെന്റ് സമർപ്പിക്കാത്ത പക്ഷം ഓർഡർ റദ്ദാക്കി കണക്കാക്കി മറ്റ് വ്യക്തിക്ക് ഓർഡർ നൽകുന്നതായിരിക്കും.

4. എഗ്രിമെന്റ് സമർപ്പിച്ചു കഴിഞ്ഞാൽ ഒരു കാരണവശാലും നിരക്ക് വർദ്ധനവ് നിശ്ചിത കാലാവധിയിൽ അംഗീകരിക്കുന്നതല്ല.
5. ഏതെങ്കിലും തരത്തിലുള്ള പെർമിറ്റുകൾ ആവശ്യമായി വരുന്നപക്ഷം അത് അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ കുറിപ്പ് എഗ്രിമെന്റിൽ സഹിതം സമർപ്പിക്കണം.
6. ഡ്രൈവറുടെ വേതനം നിയമാനാസൃതം നൽകുന്നതിന് കരാറുകാരൻ ഉത്തരവാദിയാണ്.
7. ക്വാട്ട് ചെയ്യുന്ന നിരക്കിൽ ടാക്സുകളും, ഡ്യൂട്ടികളും ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്. കൂടാതെ ഇൻഷ്വറൻസ്, ടാക്സ്, ഇന്ധനം, മറ്റ് മരാമത്ത് ചെലവുകൾ ഉടമ തന്നെയാണ് നിർവ്വഹിക്കേണ്ടത്.
8. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് വയനാട് ഏത് നിമിഷം വേണമെങ്കിലും മതിയായ കാരണം കാണിക്കാതെ എഗ്രിമെന്റ് പൂർണ്ണമായോ, ഭാഗീകമായോ റദ്ദ് ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കും.
9. മോട്ടോർ വാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണം.
10. Motor Vehicle Act 1968 പ്രകാരം മറ്റേതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ വാഹനത്തിന്മേൽ നിലനിൽക്കുന്നുവെങ്കിൽ അധികൃതർക്ക് ഇത് സംബന്ധമായി യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കില്ല.
11. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് വയനാട് അംഗീകരിക്കാത്ത മറ്റൊരു നിയമവ്യവസ്ഥകളും എഗ്രിമെന്റിന്റെ ഭാഗമാക്കുന്നതല്ല.
12. കരാറിൽ ഏർപ്പെടുന്ന വാഹന ഉടമസ്ഥന് PAN കാർഡ് ഉണ്ടാവേണ്ടതാണ്.
13. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാരേഖകളും ഉണ്ടായിരിക്കേണ്ടതും, ആയതിന്റെ പകർപ്പ് ക്വട്ടേഷനിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
14. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 3 വർഷത്തിൽ അധികരിക്കാത്തതും ആയിരിക്കണം.

15. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി കരാർ ലഭിക്കുന്ന തുകയുടെ 1 % റ്റി.ഡി.എസ് ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.
16. ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിച്ചതിന് ശേഷം പഞ്ചായത്ത് ഡയറക്ടറുടെ ഫിനാൻഷ്യൽ അംഗീകാരത്തിന് ശേഷം മാത്രമേ ക്വട്ടേഷൻ അന്തിമമായി അംഗീകരിക്കുകയുള്ളൂ.
17. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം വാഹനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
18. അവധി ദിവസങ്ങൾ ഉൾപ്പെടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
19. കരാർ സമയത്ത് അംഗീകരിക്കുന്ന റെയ്റ്റിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവിലവർദ്ധനവ് പരിഗണിക്കുന്നതല്ല.
20. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
21. ഏഴ് സീറ്റുള്ള വാഹനത്തിന് മുൻഗണന നൽകുന്നതാണ്.
22. താഴെ ചേർക്കുന്ന അനക്സർ-1 പ്രകാരമാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ വയനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്ന് അറിയാവുന്നതാണ്.

| | |
|---|---|
| വിശദാംശങ്ങൾ | ക്വട്ടേഷൻ നമ്പർ 4316/18 തിയ്യതി 17/07/2018 5/7 സീറ്റിംഗ് കപ്പാസിറ്റിയുള്ള എയർ കണ്ടീഷൻ എസ്.യു.വി/സെഡാൻ/കാർ/ജീപ്പ്, 2015 മോഡൽ |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയതി | **13/08/2018** **2.00** പി.എം. വരെ |
| ക്വട്ടേഷൻ തുറക്കുന്ന തിയതി | **13/08/2018** **3.00** പി.എം |
| നിരക്ക് ക്വാട്ട് ചെയ്യുന്ന കാലാവധി | ക്വട്ടേഷൻ സമർപ്പിച്ച് 3 മാസം വരേയ്ക്കും |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, വയനാട് |

നിശ്ചിതസമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കൽപ്പറ്റ
02.08.2018

ഒപ്പ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
വയനാട്

**ഐറ്റം വിശദീകരണം**

| ക്രമ നം | ഐറ്റം | ആവശ്യമായ എണ്ണം | വിശദാംശങ്ങൾ |
|---|---|---|---|
| 1 | 5/7 സീറ്റുള്ള വാഹനം എയർ കണ്ടീഷൻ ഉള്ളത് | 1 | 2015 നോ, ശേഷമോ നിർമ്മിച്ച നല്ല കണ്ടീഷനിലുള്ള ഒരു വാഹനം |

<u>5/7 സീറ്റ് എയർ കണ്ടീഷൻ എസ്.യു.വി/സെഡാൻ/കാർ/ജീപ്പ്  വാടകയ്ക്ക് നൽകുന്നതിനുള്ള  റീ-ക്വട്ടേഷൻ നോട്ടീസ്</u>

നോട്ടീസ് നമ്പർ ...................................

| | | |
|---|---|---|
| 1 | ദർഘാസുകാരന്റെ  പേര് | |
| 2 | പിൻകോഡ് സഹിതമുള്ള വിലാസം | |
| 3 | മൊബൈൽ നമ്പർ | |
| 4 | വാഹനത്തിന്റെ വർഷം | |
| 5 | വാഹനത്തിന്റെ മോഡൽ | |
| 6 | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പറും തിയ്യതിയും | |
| 7 | പ്രതിമാസം 2000 കിലോമീറ്റർ വരെ സഞ്ചരിക്കുന്നതിന് ആവശ്യപ്പെടുന്ന നിരക്ക് (അക്കത്തിലും അക്ഷരത്തിലും) | |
| 8 | 3 മാസം കൂടുമ്പോൾ 6000 കിലോമീറ്റർ അധികരിക്കുകയാണെങ്കിൽ അധികം ഓടുന്നതിന് ആവശ്യപ്പെടുന്ന നിരക്ക്(കി. മീന്) | |

സ്ഥലം :

തിയതി: ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്

മേൽവിലാസം